## സ്ഥാപനത്തിനു വേണ്ടി വീട്ടിലിരുന്ന് വസ്ത്രം നെയ്യുന്നവർ സ്ഥാപനത്തിന്റെ തൊഴിലാളികൾ: ഇ.പി.എഫ്. നിയമം ബാധകം

### മദ്രാസ് ഹൈക്കോടതി

S.A. No. 2120/2003 Dt. 11.12.2019

പല്യാഡി ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ് പ്രൊഡക്ഷൻ ഏന്റ് സെയിൽ സൊസൈറ്റി
x
റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

നെയ്ത്ത് ജോലിയിൽ പ്രാവീണ്യമുള്ള ഗ്രാമീണർക്ക് തൊഴിൽ ലഭ്യമാകുന്നതിനു വേണ്ടി ഗ്രാമീണരെല്ലാവരും ചേർന്ന് രൂപീകരിച്ചതാണ് സഹകരണ സംഘം. ഓഹരിയുടമകളായ തൊഴിലാളികൾക്ക് സഹകരണ സംഘം വസ്ത്രം നെയ്യുന്നതിനുള്ള നൂല് നല്കുകയും അവർ നെയ്ത വസ്ത്രം സഹകരണ സംഘം ഏറ്റെടുക്കുകയുമാണ് പതിവ്. തൊഴിലാളികൾ അവരവരുടെ വീടുകളിലിരുന്നാണ് ജോലി ചെയ്യുന്നത്. നെയ്ത്തുകാരുടെ മേൽ സഹകരണ സംഘത്തിന് യാതൊരു നിയന്ത്രണവുമില്ലെന്നു മാത്രമല്ല നിർദ്ദേശങ്ങൾ നല്കാറുമില്ല. തൊഴിലാളികൾ കൊണ്ടുവരുന്ന ഉൽപന്നം സ്വീകരിക്കാനും തിരസ്കരിക്കാനും സഹകരണ സംഘത്തിന് അധികാരമുണ്ട്. അപ്രകാരമിരിക്കെ ഇ.പി.എഫ്. അധികൃതർ സ്ഥാപനത്തിൽ വന്ന് പരിശോധന നടത്തി. വസ്ത്രം നെയ്യുന്ന 479 തൊഴിലാളികൾക്ക് വേതനം നല്കുന്നുണ്ടെന്നു കണ്ട ഉദ്യോഗസ്ഥൻ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇ.പി.എഫ്. കമ്മീഷണർ അന്വേഷണം നടത്തുകയും സ്ഥാപനത്തിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ് സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് പ്രഖ്യാപിക്കുകയും വിഹിതം നിർണ്ണയിച്ച് ഉത്തരവിറക്കുകയും ചെയ്തു. 1978 മുതൽ 1997 വരെയുള്ള കാലയളവിലെ കുടിശികയായി പന്ത്രണ്ട് ലക്ഷത്തിലധികം രൂപ അടയ്ക്കണമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയത്. ഇതിനെതിരെ സഹകരണ സംഘം മുൻസിഫ് കോടതിയിൽ വ്യവഹാരം നല്കി. നെയ്ത്തു ജോലി ചെയ്യുന്നവർ ഓഹരിയുടമകൾ ആയതിനാൽ അവരും സ്ഥാപനവും തമ്മിൽ തൊഴിലാളി-തൊഴിലുടമ ബന്ധം നിലനില്ക്കുന്നില്ലെന്നും അവർ തൊഴിലുടമകളാണെന്നും ഇ.പി.എഫ്. നിയമം തങ്ങൾക്ക് ബാധകമല്ലെന്നും സഹകരണ സംഘം വാദിച്ചു. ഇ.പി.എഫ്. വിഹിതം നിർണ്ണയിച്ചതിനെതിരെയുള്ള വ്യവഹാരം തീർപ്പാക്കാൻ സിവിൽ കോടതിക്ക് അധികാരമില്ലെന്നും നെയ്ത്തുകാർ ഓഹരിയുടമകളാണെങ്കിലും അവർ തൊഴിലാളികളുമാണെന്നും മറ്റും ഇ.പി.എഫ്.ഒ. വാദിച്ചു. ഇ.പി.എഫ്. ഓർഗനൈസേഷന്റെ വാദങ്ങൾ അംഗീകരിച്ച മുൻസിഫ് കോടതി സ്ഥാപനത്തിന്റെ കേസ് തള്ളിക്കളഞ്ഞു. ഇതിനെതിരെ സ്ഥാപനം ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിച്ചു. മുൻസിഫ് കോടതിയുടെ വിധി ശരിവച്ച ജില്ലാ കോടതി സ്ഥാപനത്തിന്റെ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ രണ്ടാം അപ്പീൽ സമർപ്പിച്ചു. രണ്ടാം അപ്പീൽ പരിഗണനക്കെടുത്തപ്പോൾ നീണ്ട ഇരുപത് വർഷങ്ങൾ പിന്നിട്ടിരുന്നു. 1997-ൽ ജോലി ചെയ്തിരുന്ന പലരും വിരമിക്കുകയും ചരമമടയുകയും ചെയ്തിരുന്നു. മുൻസിഫ് കോടതിയിലുന്നയിച്ച വാദങ്ങൾത്തന്നെ സ്ഥാപനം ഹൈക്കോടതിയിലും ആവർത്തിച്ചു. ഇ.പി.എഫ്. നിയമപ്രകാരമുള്ള കേസുകൾ സിവിൽ കോടതിയിൽ നിലനില്ക്കില്ലെന്ന് ഹൈക്കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. നെയ്ത്തുകാർ ഒരേ സമയം ഓഹരിയുടമകളും തൊഴിലാളികളുമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. വേതനം കൈപ്പറ്റുന്നവർ സ്ഥാപനത്തിന്റെ തൊഴിലാളികളാണ്. ജോലി ചെയ്യുന്നത് സ്ഥാപനത്തിനകത്തുവച്ചായാലും വീട്ടിൽ വച്ചായാലും അവർ സ്ഥാപനത്തിന്റെ തൊഴിലാളികളായതിനാൽ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്നും വിഹിതമടയ്ക്കണമെന്നും ഹൈക്കോടതി വിധിച്ചു. ഒരു മാസത്തിനുള്ളിൽ സ്ഥാപനം വിഹിതമടയ്ക്കണമെന്നും തുടർന്ന് രണ്ട് മാസത്തിനുള്ളിൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നല്കിയിരിക്കണമെന്നും ഹൈക്കോടതി നിർദ്ദേശിക്കുകയും സ്ഥാപനത്തിന്റെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.